"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ്-മൈനിംഗ് & ജിയോളജി-ശ്രീ. ശ്രീവിശാഖ് & ശ്രീമതി. വിദ്യ ശ്രീവിശാഖ്, ശ്രീരത്നം, 16/മാമം, കിഴുവിലം പി.ഒ., തിരുവനന്തപുരം എന്നവരുടെ ഉടമസ്ഥതയിൽ തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ നഗരൂർ വില്ലേജിൽ ബ്ലോക്ക് 37 ൽ റീസർവ്വെ നമ്പർ 215/8-2-1 ൽ പെട്ട 04.73 ആർസ് വസ്തുവിൽ നിന്നും കൊമേഴ്സ്യൽ ബിൽഡിങ് നിർമ്മാണത്തിന്റെ ഭാഗമായി 118.49 ക്യൂബിക് മീറ്റർ പാറ നീക്കം ചെയ്യുന്നതിന് പവർ ഓഫ് അറ്റോർണി ഹോൾഡറായ ശ്രീ. ശശികുമാർ ബി, ശ്രീരത്നം, മാമം, കിഴുവിലം പി.ഒ, തിരുവനന്തപുരം എന്നവ്യക്തിക്ക് കെ.എം.എം.സി ചട്ടങ്ങളിലെ, ചട്ടം 104 പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.310/2026/ID തീയതി,തിരുവനന്തപുരം, 12-03-2026

---

പരാമർശം:-

1. കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ
2. 30.07.2024-ലെ ശ്രീ. ശശികുമാർ ബി, ശ്രീരത്നം, മാമം, കിഴുവിലം പി.ഒ, തിരുവനന്തപുരം സമർപ്പിച്ച അപേക്ഷ
3. 12.06.2025-ലെ തിരുവനന്തപുരം സബ് കളക്ടറുടെ RDOTVM/5249/2024-D നമ്പർ നിരാക്ഷേപ സാക്ഷ്യപത്രം
4. 06.11.2025-ലെ തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റിന്റെ DOTHI-DMG/1350/2024-M നമ്പർ കത്ത്
5. 31.01.2026-ലെ മൈനിംഗ് & ജിയോളജി ഡയറക്ടറുടെ DMG/2950/2025-M4 നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ നഗരൂർ വില്ലേജിൽ ബ്ലോക്ക് 37 ൽ റീസർവ്വെ നമ്പർ 215/8-2-1 ൽ പെട്ട 04.73 ആർസ് വസ്തുവിൽ നിന്നും കൊമേഴ്സ്യൽ ബിൽഡിങ് നിർമ്മാണത്തിന്റെ ഭാഗമായി മണ്ണ്, പാറ നീക്കം ചെയ്യുന്നതിന് അനുമതി ലഭ്യമാക്കുന്നതിലേക്കായി ശ്രീ. ശ്രീവിശാഖ് & ശ്രീമതി. വിദ്യ ശ്രീവിശാഖ്, ശ്രീരത്നം, 16/മാമം, കിഴുവിലം പി.ഒ. തിരുവനന്തപുരം എന്നവർക്കുവേണ്ടി പവർ ഓഫ് അറ്റോർണി ഹോൾഡർ ശ്രീ. ശശികുമാർ ബി, ശ്രീരത്നം, മാമം, കിഴുവിലം പി.ഒ, തിരുവനന്തപുരം എന്നവ്യക്തി ജില്ലാ ആഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു. കൈവശാവകാശ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ മാപ്പ്, തിരുവനന്തപുരം സബ് കളക്ടറുടെ പരാമർശം(3) നിരാക്ഷേപ സാക്ഷ്യപത്രം, എക്സ്പ്ലോസീവ്സ് ഉപയോഗിക്കില്ലെന്ന അഫിഡവിറ്റ്, നഗരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ച സൈറ്റ് അപ്രൂവൽ & ബിൽഡിങ് പെർമിറ്റ്, പാറ, മണ്ണ് ഖനനത്തിന്റെ അളവ് രേഖപ്പെടുത്തിയ കത്ത്, ആധാർ കാർഡ് പകർപ്പ്, പവർ ആഫ് അറ്റോർണി, അപേക്ഷ സ്ഥലത്തോട് ചേർന്ന് കെ.എസ്.ഇ.ബി യുടെ പോസ്റ്റ് സ്ഥിതി ചെയ്യുന്നതിനാൽ കെ.എസ്.ഇ.ബി യുടെ നിരാക്ഷേപ സാക്ഷ്യപത്രം എന്നിവയും അപേക്ഷകൻ ഹാജരാക്കിയിട്ടുണ്ട്. നഗരൂർ ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ചിട്ടുളള പ്ലാൻ പ്രകാരം 272.9 $M^2$ സ്ഥലത്തു നിന്നും 1146 ക്യൂബിക് മീറ്റർ മണ്ണും, 57.8 $M^2$ സ്ഥലത്തു നിന്നും 118.49 ക്യൂബിക് മീറ്റർ കല്ലും നീക്കം ചെയ്യാനുള്ളതായി ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ഓഫീസിൽ നിന്നും സ്ഥലപരിശോധന നടത്തി 16/9/2025 തീയതിയിൽ 1146 MT മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി നൽകിയിരുന്നു. മണ്ണ് നീക്കം ചെയ്തതിനുശേഷം ജില്ലാ ആഫീസിൽ നിന്നും 26/9/2025 തീയതി സ്ഥലപരിശോധന നടത്തുകയും ടി സ്ഥലത്ത് നിന്നും വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ഉരുളൻ പാറ നീക്കം ചെയ്യേണ്ടതുണ്ടെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. മേൽ സാഹചര്യത്തിൽ അപേക്ഷാ വസ്തുവിൽ നിന്നും

കൊമേഴ്സ്യൽ ബിൽഡിങ് നിർമ്മാണത്തിന്റെ ഭാഗമായി ടി പുരയിടത്തിൽ സ്ഥിതി ചെയ്യുന്ന 118.49 ക്യൂബിക് മീറ്റർ പാറ നിബന്ധനകൾക്ക് വിധേയമായി നീക്കം ചെയ്യുന്നതിന് ചട്ടം 104 പ്രകാരം അനുമതി നൽകാവുന്നതാണെന്ന് മൈനിംഗ് & ജിയോളജി ഡയറക്ടർ പരാമർശം(5) പ്രകാരം ശിപാർശ ചെയ്തിരിക്കുന്നു .

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ശ്രീവിശാഖ് & ശ്രീമതി. വിദ്യ ശ്രീവിശാഖ്, ശ്രീരത്നം, 16/മാമം, കിഴുവിലം പി.ഒ., തിരുവനന്തപുരം എന്നവരുടെ ഉടമസ്ഥതയിൽ തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ നഗരൂർ വില്ലേജിൽ ബ്ലോക്ക് 37 ൽ റീസർവ്വെ നമ്പർ 215/8-2-1 ൽ പെട്ട 04.73 ആർസ് വസ്തുവിൽ നിന്നും കൊമേഴ്സ്യൽ ബിൽഡിങ് നിർമ്മാണത്തിന്റെ ഭാഗമായി 118.49 ക്യൂബിക് മീറ്റർ പാറ ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി നീക്കം ചെയ്യുന്നതിന് പവർ ഓഫ് അറ്റോർണി ഹോൾഡറായ ശ്രീ. ശശികുമാർ ബി, ശ്രീരത്നം, മാമം, കിഴുവിലം പി.ഒ, തിരുവനന്തപുരം എന്നവ്യക്തിക്ക് കെ.എം.എം.സി ചട്ടങ്ങളിലെ, ചട്ടം 104 പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1.എക്സ്പ്ലോസീവ് ഉപയോഗിച്ചുള്ള ഖനന പ്രവർത്തനങ്ങൾ അനുവദനീയമല്ല
2.ടി പ്രവൃത്തി നിമിത്തം സമീപവാസികൾക്ക് ബുദ്ധിമുട്ടോ സമീപവസ്തുക്കൾക്ക് നാശനഷ്ടമോ ഉണ്ടാകാൻ പാടില്ല.
3. പരിസ്ഥിതിക്ക് കോട്ടം വരാതെയും റോഡ് ഗതാഗതം തടസ്സപ്പെടാതെയും പാറ നീക്കം ചെയ്യേണ്ടതാണ്.
4.ആർ.ഡി.ഒ അനുവദിച്ച നിരാക്ഷേപ സാക്ഷ്യപത്രത്തിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്
5. റീസർവ്വെ 215/8-2-1 ൽ പെട്ട 57.8 $m^2$ വസ്തുവിൽ നിന്നും 118.49 ക്യൂബിക് മീറ്റർ പാറ മാത്രമേ നീക്കം ചെയ്യുവാൻ പാടുള്ളൂ. അനുവദിക്കുന്ന അളവ് ധാതുവിന് തത്തുല്യമായ റോയൽറ്റി മുൻകൂർ ഒടുക്കുവരുത്തേണ്ടതാണ്. അനുവദിച്ച അളവിൽ കൂടുതൽ ധാതു നീക്കം ചെയ്യുന്ന പക്ഷം ചട്ടപ്രകാരം പിഴ ഈടാക്കുന്നതാണ്.
6. ജില്ല മിനറൽ സ്ക്വാഡ് കൃത്യമായി പരിശോധന നടത്തി അനധികൃത പ്രവർത്തനം നടത്തുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

7.സമീപത്തെ വീടുകൾക്കും റോഡിലൂടെയുള്ള വാഹനങ്ങൾക്കും അപകടം സംഭവിക്കാത്ത രീതിയിൽ മുൻകരുതലുകൾ സ്വീകരിച്ച് സ്ഫോടക വസ്തുക്കൾ ഉപയോഗിക്കാതെയും ആപ്പ്, ഉളി, കെമിക്കൽ മുതലായവ ഉപയോഗിച്ച് പാറ പൊട്ടിച്ച് നീക്കം ചെയ്യേണ്ടതാണ്.

8. തിരുവനന്തപുരം ജില്ലാ ഇൻസ്പെക്ഷൻ സ്ക്വാഡ് ഉത്തരവ് തീയതി മുതൽ 3 മാസത്തിനകം സൈറ്റ് ഇൻസ്പെക്ഷൻ നടത്തി വസ്തുതാ അന്വേഷണ റിപ്പോർട്ട് മൈനിങ് & ജിയോളജി ഡയറക്ടർ മുഖേന സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

9.ചട്ടം 104 പ്രകാരം നൽകിയ അനുമതി ദുരുപയോഗം ചെയ്തിട്ടുള്ളതായി തെളിയുകയാണെങ്കിൽ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABU ANTONY K
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം
സബ് കളക്ടർ, തിരുവനന്തപുരം
ജില്ലാ ജിയോളജിസ്റ്റ്, തിരുവനന്തപുരം
ശ്രീ. ശശികുമാർ ബി, ശ്രീരത്നം, മാമം, കിഴുവിലം പി.ഒ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
സെക്ഷൻ ഓഫീസർ
Date: 12-03-2026 12:47:15